ഉദ്ദേശിച്ചുള്ള ഒരു ലോകപര്യടനത്തിനിടയിലാണ് ഈ ദമ്പതികൾ ഇന്ത്യയിലെത്തിയിട്ടുള്ളത്.

'എന്തിന് എസ്പറാൻടോ? ഇംഗ്ലീഷ് പോരെ?'

'ഇംഗ്ലീഷിന്റെ ഇന്നുള്ള പ്രാധാന്യത്തിന് ഒരു യജമാനത്തഹരായ (ഹെജിമണി) ആണുള്ളത്'—ബ്രൂണോ പറയുന്നു. 'ഈ പ്രാധാന്യമാകട്ടെ, ചരിത്രത്തിലെ ഒരു അസ്ഥിരപ്രതിഭാസവുമാണ്. ഗ്രീക്ക്, ലാററിൻ, ഫ്രഞ്ച് മുതലായ ഭാഷകൾ ഓരോ കാലത്ത് ഇങ്ങനെ പ്രാമുഖ്യത്തിലേക്ക് ഉയർന്നിരുന്നവയാണ്. അവയുടെ പ്രാധാന്യം അപ്രത്യക്ഷമായതുപോലെ, ഇംഗ്ലീഷിന്റെ പ്രാധാന്യവും താമസിയാതെ അപ്രത്യക്ഷമാവും.'

മനുഷ്യനും മനുഷ്യനും തമ്മിൽ ധാരണ വളർത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും അഭിനന്ദനീയങ്ങളാണ്. അന്താരാഷ്ട്രീയ ധാരണയ്ക്ക് എസ്പറാൻടോ ഭാഷ ഉപകരിക്കുമെങ്കിൽ, ആ ഭാഷയുടെ പ്രചാരണത്തിനു വേണ്ടി ചെയ്യുന്ന ഒരു പരിശ്രമവും നിഷ്പ്രയോജനമല്ല.

എസ്പറാൻടോവിൽ താല്പര്യമുള്ള ആരെങ്കിലും കേരളത്തിലുണ്ടോ?

(28 മേയ്, 1987)

## 55. ഭാസമഹോത്സവം

ഇതെഴുതുമ്പോൾ തിരുവനന്തപുരത്ത് ഒരു അന്താ—രാഷ്ട്രീയ ഭാസമഹോത്സവം നടന്നുകൊണ്ടിരിക്കുകയാണ്.

ഗ്രീക്ക് നാടകകൃത്തുക്കളായ ഈസ്കൈലസ്, യൂറിപ്പിഡീസ്, സൊഫോക്ലീസ് എന്നിവരുടേതിനോടൊപ്പം ലോക—സാംസ്കാരിക ചരിത്രത്തിൽ സ്മരിക്കപ്പെടുന്ന ഒരു പേരാണ് ഭാസന്റേത്. ഭാരതീയ നാടകവേദിയുടെ സ്ഥാപകപിതാക്കളിൽ ഒരാളെന്ന നിലയിൽ അദ്ദേഹത്തെ പല പ്രാചീന ഗ്രന്ഥകാരന്മാരും വാഴ്ത്തിയിട്ടുണ്ട്. 'പ്രഥിതയശസ്സായ ഭാസന്റെ കൃതികൾ ഇരിക്കേ, ആധുനികനായ കാളിദാസന്റെ നാടകം അഭിനയിച്ചുകാണാൻ ആരാണ് ആഗ്രഹിക്കുക?' എന്ന സംശയം തന്റെ ആദ്യനാടകത്തിന്റെ പ്രസ്താവനയിൽ മഹാകവി കാളിദാസൻ ഉന്നയിച്ചിരിക്കുന്നു. കാളിദാസന്റെ കാലത്ത് ഭാരതീയ നാടകവേദിയിൽ ഭാസന്റെ കൃതികൾക്കു വലിയ പ്രചാരമുണ്ടായിരുന്നു എന്നാണല്ലോ ഇതിന്റെ സൂചന. ക്രിസ്തുവർഷം ഏഴാം നൂററാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന കാന്യകുബ്ജത്തിലെ ഹർഷവർദ്ധനചക്രവർത്തിയുടെ സമകാലികനും ജീവചരിത്രകാരനുമായ ബാണഭട്ടൻ, 'സൂത്രധാരകൃതാരംഭങ്ങളും ബഹുഭൂമികങ്ങളും സപതാകങ്ങളു'മായ ഭാസനാടകങ്ങളെ മഹാക്ഷേത്രങ്ങളോട് ഉപമിച്ചിരിക്കുന്നു. തീയിലിട്ടാലും വെന്തുപോകാത്തവിധത്തിൽ സാരവത്താണ് ഭാസന്റെ 'സ്വപ്നവാസവദത്ത'മെന്ന നാടകമെന്ന് രാജശേഖരൻ എന്ന സാഹിത്യാചാര്യൻ പ്രസ്താവിച്ചിട്ടുണ്ട്. ഈ നാടകത്തിൽനിന്നുള്ള ചില പദ്യങ്ങൾ മററു ചിലർ ഉദ്ധരിച്ചിട്ടുമുണ്ട്.

എന്നാലും, പത്തൊമ്പതാം നൂററാണ്ടിൽ പാശ്ചാത്യർ ഭാരതീയ സാഹിത്യവുമായി പരിചയപ്പെടാൻ തുടങ്ങിയപ്പോഴേക്ക് ഭാസനാടകങ്ങൾ ഭാരതീയരുടെ സ്മരണയിൽനിന്നു തികച്ചും മറഞ്ഞുകഴിഞ്ഞിരുന്നു വീണ്ടെടുക്കാനാകാത്ത നിലയിൽ ഭാസനാടകങ്ങൾ നഷ്ടപ്പെട്ട

പോയിരിക്കുന്ന എന്ന ധാരണയാണ് ക്രിസ്തുവർഷം 1909 വരെ ഭാരതീയ വിദ്യാവിചക്ഷണർക്കിടയിൽ നിലവിലുണ്ടായിരുന്നത്.

തൃശ്ശിവപേരൂർ, ഗുരുവായൂർ, പെരുവനം, ഇരിങ്ങാലക്കുട, തൃപ്പൂണിത്തുറ മുതലായ മദ്ധ്യകേരളത്തിലെ ഏതാനും ക്ഷേത്രങ്ങളിൽ, ഒരു മതച്ചടങ്ങ് എന്ന നിലയിൽ, വളരെയൊന്നും ശ്രദ്ധിക്കപ്പെടാതെ ഏതാനും സംസ്കൃതനാടകങ്ങളിൽനിന്നു തിരഞ്ഞെടുത്ത ചില രംഗങ്ങൾ അഭിനയിക്കുന്ന പതിവ് പണ്ടേ നിലവിലിരുന്നു. ചാക്യാർ സമുദായത്തിൽപ്പെട്ട പുരുഷന്മാരും, നമ്പ്യാർസമുദായത്തിൽപ്പെട്ട 'നങ്ങ്യാർ' എന്നു വിളിക്കപ്പെടുന്ന സ്ത്രീകളും ചേർന്നു നടത്തിയിരുന്നതും 'കൂടിയാട്ടം' എന്ന പേരിൽ അറിയപ്പെട്ടിരുന്നതുമായ ഈ നാടകാഭിനയത്തിൽ വാദ്യങ്ങൾ പ്രയോഗിച്ചിരുന്നത് നമ്പ്യാർമാരാണ്. ഹർഷവർദ്ധനൻ, ശക്തിഭദ്രൻ, മഹേന്ദ്രവിക്രമപല്ലവൻ, കുലശേഖരൻ എന്നിങ്ങനെ പേർ അറിയാവുന്ന ചില സംസ്കൃതനാടകകൃത്തുക്കളുടെ കൃതികളോടൊപ്പം ഗ്രന്ഥകാരൻ ആരെന്ന് അറിഞ്ഞുകൂടാത്ത ചില കൃതികളും കൂടിയാട്ടത്തിന്റെ രംഗവേദിയിൽ അവതരിപ്പിക്കപ്പെട്ടുപോന്നു. ഈ കൃതികൾ മലയാളലിപിയിൽ പകർത്തിയെഴുതിയ താളിയോലഗ്രന്ഥങ്ങൾ കേരളത്തിലെ പല ആഢ്യഗൃഹങ്ങളിലും ഉണ്ടായിരുന്നു. എങ്കിലും ഇവയിൽ പാശ്ചാത്യരോ, ഭാരതീയരോ ആയ സംസ്കൃതപണ്ഡിതരുടെ ശ്രദ്ധ പതിയുകയുണ്ടായില്ല.

തിരുവനന്തപുരത്തു കൊട്ടാരം ഗ്രന്ഥപ്പുരയിലെ ക്യൂറേറ്റർ ആയിരുന്ന ടി. ഗണപതിശാസ്ത്രികൾ, പത്മനാഭപുരത്തിനടുത്ത് മണലിക്കരെ പോററിയുടെ ഇല്ലത്തുള്ള ഒരു ഓലഗ്രന്ഥം ക്രിസ്തുവർഷം 1909—ൽ പരിശോധിച്ചു. കാഴ്ചയിൽ മുന്നൂറോളം വർഷം പഴക്കം തോന്നിക്കുന്നതും നൂററഞ്ച് ഓലകൾ അടങ്ങിയതുമായ ഈ ഗ്രന്ഥത്തിൽ സ്വപ്നം, പ്രതിജ്ഞ, പഞ്ചരാത്രം, ചാരുദത്തം, ദൂതഘടോൽകചം, അവിമാരകം, ബാലചരിതം, മദ്ധ്യമവ്യായോഗം, കർണഭാരം, ഊരുഭംഗം എന്ന പത്ത് സംസ്കൃതനാടകങ്ങളും ദൂതവാക്യം എന്ന മറെറാരു നാടകത്തിന്റെ ഏതാനും ഭാഗവും ഉണ്ടായിരുന്നു. ദൂതവാക്യത്തിന്റെ മററു ഭാഗങ്ങളും, അഭിഷേകം, പ്രതിമ എന്ന വേറെ രണ്ടു നാടകങ്ങളും അടങ്ങിയ ഗ്രന്ഥങ്ങളും ഗണപതിശാസ്ത്രികൾ താമസിയാതെ സമ്പാദിച്ചു. ഇവയിൽ, സ്വപ്നം, പ്രതിജ്ഞ, ബാലചരിതം, അഭിഷേകം, പ്രതിമ എന്നീ നാടകങ്ങളുടെ ചില ഭാഗങ്ങൾ കൂടിയാട്ടത്തിന് ചാക്യാർമാർ ഉപയോഗപ്പെടുത്തിയിരുന്നു. പല അംശങ്ങളിലും ഈ കൃതികൾ തമ്മിൽ പ്രകടമായ ആന്തര—സാമ്യവും ഉണ്ടായിരുന്നു. ഇവയുടെ പ്രസ്താവനകളിലോ, പുഷ്പികകളിലോ (ഗ്രന്ഥാന്ത്യക്കുറിപ്പുകളിലോ) ഗ്രന്ഥകാരന്റെ പേര് ചേർത്തിരുന്നില്ല. പിന്നീടു കിട്ടിയ ഒരു താളിയോലഗ്രന്ഥത്തിൽ സ്വപ്നനാടകത്തിന്റെ പേര് 'സ്വപ്നവാസവദത്തം' എന്ന പൂർണരൂപത്തിൽ എഴുതിയിരുന്നു. 'സ്വപ്നവാസവദത്തം' എന്ന ഭാസകൃതിയെപ്പററി രാജശേഖരൻ ചെയ്തിരുന്ന പ്രസ്താവന ഗണപതിശാസ്ത്രികളുടെ ഓർമയിൽ വന്നു. താൻ കണ്ടെത്തിയതു് ഭാസകൃതിയായ സ്വപ്നവാസവദത്തം ആണെന്നും, അതിനോടു സാമ്യം പുലർത്തുന്ന മററു പന്ത്രണ്ടു കൃതികളും ഭാസകൃതങ്ങൾതന്നെയാണെന്നും അദ്ദേഹം വിശ്വസിച്ചു. ഭാസനാടകങ്ങൾക്കുണ്ടെന്ന് ബാണഭട്ടൻ പറഞ്ഞിരുന്ന സവിശേഷതകൾ ഈ കൃതികളിലും കണ്ടെത്താമായിരുന്നു. ഭാസന്റേതെന്നു പറഞ്ഞ് മററു ഗ്രന്ഥകാരന്മാർ ഉദ്ധരിച്ചിരുന്ന ചില പദ്യങ്ങൾ ഈ കൃതികളിലുണ്ടായിരുന്നില്ലെങ്കിലും, അവ ചേർക്കാൻ പററിയ സന്ദർഭങ്ങൾ ഈ കൃതികളിൽ ഇല്ലാതിരുന്നില്ല.

തന്റെ നിഗമനങ്ങൾ വിവരിക്കുന്ന വിസ്തൃതമായ ഒരു അവതാരി

കയോടും, തൻേറതായ ഒരു വ്യാഖ്യാനത്തോടുംകൂടെ ക്രിസ്തുവർഷം 1912—ൽ ഗണപതിശാസ്ത്രികൾ 'സ്വപ്നവാസവദത്തം' പ്രസിദ്ധീകരിച്ചപ്പോൾ, ലോകമെങ്ങുമുള്ള സംസ്കൃതപണ്ഡിതന്മാരുടെ ഇടയിൽ വലിയ കോളിളക്കം അതു സൃഷ്ടിച്ചു. പിന്നീട്, ഭാസൻേറതെന്നു കരുതപ്പെടുന്ന പതിമ്മൂന്നു നാടകങ്ങളും (ഇവയെ 'തിരുവനന്തപുരം നാടകങ്ങൾ' എന്നു പണ്ഡിതന്മാർ വിളിക്കുന്നു), അവ ഭാസകൃതങ്ങൾതന്നെ എന്നു സ്ഥാപിക്കുന്ന 'ഭാസനാടകചക്രചർച്ച' എന്ന ഗ്രന്ഥവും ഗണപതിശാസ്ത്രികൾ പ്രസിദ്ധീകരിച്ചു. പില്ക്കാലത്തു് മററു ചിലർ വേറെയും രണ്ടോ, മൂന്നോ നാടകങ്ങൾ ഭാസൻെറ പേരിൽ പ്രസിദ്ധീകരിച്ചെങ്കിലും, അവ ഭാസകൃതങ്ങളാണെന്നു പൊതുവെ അംഗീകരിക്കപ്പെടുകയുണ്ടായില്ല.

കേരളത്തിലെ കൂടിയാട്ടപാരമ്പര്യത്തെപ്പററി അറിവുള്ള ഏതാനും ചിലർ, ഈ നാടകങ്ങൾ ഭാസനിർമിതങ്ങളാണെന്ന വാദത്തെ എതിർത്തു. ആററൂർ കൃഷ്ണപ്പിഷാരടി പ്രൊഫസർ കെ. രാമപ്പിഷാരടി എന്നിവരാണ് ഈ എതിർപ്പിനു നേതൃത്വം നൽകിയതു്. കൂടിയാട്ടത്തിൽ അവതരിപ്പിക്കുന്നതിനുവേണ്ടി പ്രശസ്തങ്ങളായ ചില നാടകങ്ങൾക്കു് ചാക്യാർമാർ തയ്യാറാക്കിയ സംക്ഷേപണങ്ങൾ മാത്രമാണ് 'തിരുവനന്തപുരം നാടകങ്ങൾ' എന്നു് അവർ വാദിച്ചു. ഉദാഹരണമായി, ശൂദ്രകൻെറ അതിപ്രസിദ്ധമായ 'മൃച്ഛകടികം' എന്ന പ്രകരണത്തിൻെറ അപൂർണ്ണവും അവിദഗ്ദ്ധവുമായ ഒരു സംക്ഷേപണം മാത്രമാണ് 'ചാരുദത്തം'. ഇതുപോലെ 'സ്വപ്നനാടകം' ഭാസകൃതമെന്നു വിഖ്യാതമായ സ്വപ്നവാസവദത്തത്തിൻെറ സംക്ഷേപണം ആയിക്കൂടായ്കയില്ല. ഏതായാലും ഭാസകൃതിയുടെ പൂർണരൂപം നമുക്കു കിട്ടിയ സ്വപ്നനാടകത്തിലില്ല എന്നു് അവർ തറപ്പിച്ചുപറഞ്ഞു.

പക്ഷേ, ഈ വാദപ്രതിവാദത്തിൽ വിൻടെർനിററ്സ്പോലെയുള്ള പ്രാമാണികരായ പാശ്ചാത്യപണ്ഡിതന്മാർ ഗണപതിശാസ്ത്രികളുടെ ഭാഗത്താണു ചേർന്നതു്. ഭാരതീയ വിജ്ഞാനത്തിനു് അദ്ദേഹം നൽകിയ സംഭാവനയെ ആദരിച്ചു് ഗണപതിശാസ്ത്രികൾക്കു് ഒരു ജർമൻ സർവകലാശാല ഡോക്ടർ ബിരുദം നൽകി. (ഒരു ഇന്ത്യൻസർവകലാശാലയ്ക്കും അങ്ങനെയൊരു ബുദ്ധി തോന്നിയില്ല!) ഇന്ത്യാഗവണ്മെൻറ് 'മഹാമഹോപദ്ധ്യായ' എന്ന ബിരുദം നൽകി അദ്ദേഹത്തെ ബഹുമാനിക്കുകയുംചെയ്തു.

എഴുപത്തഞ്ചു വർഷങ്ങൾമുമ്പു് തിരുവനന്തപുരത്തു സംഭവിച്ച, ഭാരതീയ സംസ്കാരചരിത്രത്തിൽ നിത്യസ്മരണീയമായ, സ്വപ്നവാസവദത്തത്തിൻെറ പ്രകാശനത്തെ അനുസ്മരിപ്പിക്കുന്നതിനായി 1987 ഏപ്രിൽ 14 മുതൽ 20 വരെ ഏഴ ദിവസങ്ങളിൽ തിരുവനന്തപുരത്തു 'ഭാസമഹോത്സവം' എന്ന നാട്യോത്സവം (തിയേററർ ഫെസ്റ്റിവൽ) സംഘടിപ്പിച്ചിട്ടുള്ളതു് പ്രശസ്ത കവിയായ ശ്രീ കാവാലം നാരായണപ്പണിക്കരുടെ നേതൃത്വത്തിലുള്ള 'സോപാനം' എന്ന നാട്യവേദിയും കേന്ദ്രസാഹിത്യ അക്കാദമിയും ചേർന്നാണ്. ദില്ലിയിലെ സംഗീതനാടക അക്കാദമി, ഉജ്ജയിനിയിലെ കാളിദാസ അക്കാദമി, കേരള സർവ്വകലാശാല മുതലായ മററു ചില സംഘടനകളും ഈ ശ്രമത്തിൽ സഹകരിക്കുന്നുണ്ട്. ഭാസൻെറ നാടകങ്ങളെയും അവയുടെ പാരമ്പര്യരീതിയിലുള്ള രംഗാവതരണത്തെയും സംബന്ധിച്ച പ്രശ്നങ്ങൾ വിദഗ്ധമായി ചർച്ചചെയ്യപ്പെടുന്ന സെമിനാറുകളും, പല ശൈലികളിൽ ഭാസ നാടകാവതരണങ്ങളും, മഹോത്സവത്തെ ആകർഷകവും പ്രയോജനപ്രദവുമാക്കുന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ഏതാനും സംസ്കൃതപണ്ഡിതന്മാരും നാട്യവിദ്യാവിച

ക്ഷണരും ഈ മഹോത്സവത്തിൽ സന്നിഹിതരായിട്ടുണ്ട്. കേരള ഗവർണർ ആണ്, ഏപ്രിൽ 14-ാം തീയതി മഹോത്സവം ഉദ്ഘാടനം ചെയ്തത്.

എഴുപത്തഞ്ചു വർഷം മുമ്പ് ഗണപതിശാസ്ത്രികൾ സ്വപ്നനാടകം പ്രസിദ്ധീകരിച്ച അവസരത്തിൽ, അതെങ്ങനെ കേരളത്തിൽ അഭിനയിക്കപ്പെടുന്നു എന്ന കാര്യത്തിൽ പണ്ഡിതന്മാരുടെ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുകയുണ്ടായില്ല. കേരളത്തിനകത്തുതന്നെ വളരെ ചെറിയ ഒരു ന്യൂനപക്ഷംമാത്രമേ, താരതമ്യേന അടുത്തകാലംവരെ, കൂടിയാട്ടത്തിൽ താല്പര്യം പ്രദർശിപ്പിച്ചിരുന്നുള്ളു. ഇരുന്നു കാണുന്നതിനുള്ള അസൗകര്യവും, അനന്തമായ വിസ്താരവും, സാങ്കേതികവശങ്ങൾ മനസ്സിലാക്കാത്തവർക്കു തികച്ചും ദുർഗ്രഹമായ അഭിനയശൈലിയും ഒക്കെച്ചേർന്ന്, കൂടിയാട്ടം അനാകർഷകമായ ഒരു ക്ഷേത്രച്ചടങ്ങുമാത്രമാണെന്ന ധാരണയാണു പരക്കെ ഉളവായിരുന്നത്. മഹാകവി വള്ളത്തോളിന്റെ പരിശ്രമങ്ങളുടെ ഫലമായി, കഥകളി വിശ്വപ്രശസ്തി നേടിയപ്പോഴും കൂടിയാട്ടം അവഗണിക്കപ്പെട്ടുകിടന്നു.

1950-കളിൽ, മുഖ്യമായും ശ്രീ കെ. പി. നാരായണപ്പിഷാരടി മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ വിവരണാത്മക ലേഖനങ്ങൾ മുഖേനയാണു കൂടിയാട്ടം സാധാരണ മലയാളികളുടെ സഗൗരവശ്രദ്ധയ്ക്കു കുറെയെങ്കിലും വിഷയമായത്. കാന്യകുബ്ജത്തിലെ ചക്രവർത്തിയായിരുന്ന ഹർഷവർധനൻ ക്രിസ്തുവർഷം ഏഴാം നൂററാണ്ടിൽ രചിച്ച് 'രത്നാവലി' എന്ന നാടകത്തിലെ ഒരു അങ്കം കാശിയിൽ അഭിനയിച്ചതിന്റെ ഒരു വിവരണം ക്രിസ്തുവർഷം ഒമ്പതാംനൂററാണ്ടിൽ കാശ്മീരിലെ ഒരു രാജാവിന്റെ മന്ത്രിയായിരുന്ന ദാമോദരഗുപ്തൻ തന്റെ 'കുട്ടനീമതം' എന്ന സംസ്കൃതകൃതിയിൽ നൽകുന്നുണ്ട്. ഈ അഭിനയസമ്പ്രദായത്തോടു പ്രസ്താവ്യമായ അടുപ്പം കൂടിയാട്ടത്തിലെ അഭിനയത്തിനുള്ളതിനാൽ, മുസ്ലിം ആക്രമണങ്ങളുടെ ഫലമായി സംസ്കൃതനാടകാഭിനയം അസ്തമിക്കുന്നതിനുമുമ്പ് ഉത്തരാപഥത്തിൽ നിലവിലിരുന്ന അഭിനയസമ്പ്രദായത്തിന്റെ ഒരു കേരളീയ രൂപഭേദമാണ് കൂടിയാട്ടം എന്നു കരുതാവുന്നതാണ്. ആ നിലയ്ക്ക് ഇന്ത്യയിലെ ക്ലാസ്സിക്കൽ അഭിനയസമ്പ്രദായത്തിലേക്ക് എത്തിനോക്കുന്നതിന് ഇന്നുള്ള ഒരേ ഒരു വാതായനം എന്ന നിലയിൽ കൂടിയാട്ടത്തിന് അസാധാരണമായ പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കിയ പാശ്ചാത്യരും ഭാരതീയരുമായ പല മനീഷികളും അടുത്തകാലത്ത് കേരളത്തിൽ വന്ന് കൂടിയാട്ടം മനസ്സിരുത്തി പഠിക്കയുണ്ടായി.

അമേരിക്കയിൽ മിഷിഗൻ സർവകലാശാലയിൽ പ്രൊഫസറായ മി. ഫാർലി റിച്ച്മണ്ട് പത്തു വർഷങ്ങളായി കൂടിയാട്ടത്തെപ്പററിയുള്ള പഠനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. പരേതനായ പൈങ്കുളം രാമച്ചാക്യാരുടെ ശിഷ്യനാണ് താനെന്ന് അഭിമാനപൂർവം പ്രസ്താവിക്കുന്ന പ്രൊഫസർ റിച്ച്മണ്ട്, തൃശ്ശൂർ വടക്കുന്നാഥൻ ക്ഷേത്രത്തിലെ കൂത്തമ്പലത്തിൽ നടന്ന അഭിഷേകനാടകത്തിലെ മൂന്നാമങ്കത്തിന്റെ അഭിനയത്തെപ്പററി വിസ്തൃതമായ ഒരു വിവരണം ഭാസമഹോത്സവത്തിൽ അവതരിപ്പിക്കുകയുണ്ടായി.

ക്ഷയോന്മുഖമായ ഒരു കലയാണ് കൂടിയാട്ടം. ആ കലയുടെ പരമാചാര്യനായി അഖിലഭാരതാംഗീകാരം നേടിയ പദ്മശ്രീ മാണി മാധവചാക്യാർക്ക് പ്രായം ഏറെ ആയിരിക്കുന്നു. ഇന്നും അരങ്ങത്തു പ്രത്യക്ഷപ്പെടാറുള്ള ഇരിങ്ങാലക്കുട (അമ്മന്നൂർ) മാധവച്ചാക്യാരുടെ സ്ഥിതിയും വ്യത്യസ്തമല്ല. ചാക്യാർ സമുദായത്തിലെ അംഗങ്ങളുടെ എണ്ണം വർഷം

തോറും ചുരുങ്ങിവരികയാണ്. അവരിൽ പലർക്കും തങ്ങളുടെ കുലവൃത്തിയായ കൂത്തിലും കൂടിയാട്ടത്തിലും താല്പര്യം നഷ്ടപ്പെട്ടിരിക്കുന്നു. കൂടിയാട്ടത്തിൽ വാദ്യങ്ങൾ പ്രയോഗിക്കുകയും സ്ത്രീവേഷങ്ങൾ എടുത്ത് അഭിനയിക്കുകയുംചെയ്യുന്ന നമ്പ്യാർ (നങ്ങ്യാർ) സമുദായാംഗങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ചെറുതുരുത്തിയിൽ കലാമണ്ഡലവും, തിരുവനന്തപുരത്ത് 'മാർഗി' എന്ന സംഘടനയും കൂടിയാട്ടത്തിൽ ശിക്ഷണം നൽകിവരുന്നുണ്ട്. ഇരിങ്ങാലക്കുട അമ്മന്നൂർ ചാക്യാരുടെ കുടുംബത്തിലും ചിലർ കൂടിയാട്ടാഭ്യസനം നടത്തിവരുന്നതായി അറിയാം. പക്ഷേ, എത്രയോ വർഷങ്ങൾ നീണ്ടുനില്ക്കുന്ന ഗുരുകുലവാസംകൊണ്ടും, വിപുലമായ രംഗപരിചയംകൊണ്ടും, വിസ്തൃതമായ സാഹിത്യപരിചയംകൊണ്ടും കൈവരേണ്ട കൂടിയാട്ട കലാവൈദഗ്ധ്യം ഈ ശിക്ഷണങ്ങളിലൂടെ ഉളവാക്കാൻ കഴിയുമോ എന്ന സംശയം ബാക്കിയാണ്.

അതേതായാലും, ഭാസകൃതികളുടെ കണ്ടുപിടിത്തംപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് കൂടിയാട്ടത്തിന്റെ 'കണ്ടുപിടിത്തവും'. അത്യന്തം ശോഷിച്ച നിലയിലാണെങ്കിലും, ജീവനുള്ള ഒരു പ്രാചീനാഭിനയ പാരമ്പര്യമാണിത്. പല്ലവ–ചോള–കാലഘട്ടത്തിൽ തമിഴ്നാട്ടിലെ ക്ഷേത്രങ്ങളിൽ സംസ്കൃതനാടകങ്ങൾ അഭിനയിക്കപ്പെട്ടിരുന്നു എന്നു തെളിയിക്കുന്ന ശിലാശാസനങ്ങൾ ഏറെയുണ്ട്. കാശിയിലെ സംസ്കൃത നാടകാഭിനയത്തെപ്പററി കാശ്മീർ രാജാവിന്റെ മന്ത്രി ചെയ്ത പരാമർശം മുമ്പ് സൂചിപ്പിച്ചുവല്ലോ. ഈ അഭിനയം ഏതു വിധത്തിലായിരുന്നു എന്ന് കൂടിയാട്ടത്തിൽനിന്ന് ഏറെക്കുറെ മനസ്സിലാക്കാം. വിസ്തൃതമായ ഭരതനാട്യശാസ്ത്രത്തിലെ പല സൂചനകളും ശരിക്കു മനസ്സിലാക്കുന്നതിനും നാം കൂടിയാട്ടത്തിന്റെ സഹായം തേടേണ്ടിയിരിക്കുന്നു. 'ക്രമദീപിക' എന്ന പേരിൽ സംസ്കൃതത്തിലും, 'ആട്ടപ്രകാരം', 'നമ്പ്യാരുടെ തമിഴ്' എന്നീ പേരുകളിൽ മലയാളത്തിലുമുള്ള ഏതാനും ഗ്രന്ഥങ്ങൾ കൂടിയാട്ടത്തിലെ അഭിനയച്ചടങ്ങുകൾ വിവരിക്കുകയോ, അതിൽ ഉപയോഗപ്പെടുത്തുന്ന സംസ്കൃതത്തിലും മലയാളത്തിലുമുള്ള പാഠ്യാംശങ്ങൾ സമാഹരിക്കുകയോചെയ്യുന്നുണ്ട്. ഇവ നിഷ്കൃഷ്ടപഠനം അർഹിക്കുന്നു.

ഒരു ജനതയുടെ സാംസ്കാരികപൈതൃകത്തിന്റെ മുഖ്യമായ ഒരംശം ആ ജനതയുടെ അഭിനയസമ്പ്രദായത്തിൽ നിഹിതമാകുന്നു. പ്രാചീനഭാരതത്തിന്റെ നാടകസാഹിത്യവും അഭിനയസമ്പ്രദായവും സംരക്ഷിക്കുന്നതിൽ പഴയ കേരളം നിർവഹിച്ച പങ്ക് നമുക്ക് അഭിമാനാവഹമാണ്. ആ നിലയ്ക്ക്, 'ഭാസമഹോത്സവ'ത്തിന്റെ പ്രാധാന്യം കേരളീയർ വേണ്ടത്ര മനസ്സിലാക്കിയെന്ന ധാരണ എനിക്കില്ല. പത്രപംക്തികളിലും മററു മാധ്യമങ്ങളിലും ലഭിച്ച സ്ഥാനംവെച്ചുനോക്കുമ്പോൾ, 'ഭാസമഹോത്സവം' അഖിലേന്ത്യാതലത്തിലും ഏറെക്കുറെ അവഗണിക്കപ്പെട്ടിരിക്കുകയാണ് എന്നേ പറഞ്ഞുകൂടൂ.

എന്തു ചെയ്യാം? വെള്ളം കുതിരയുടെ മുമ്പിൽ കൊണ്ടുചെന്നു വെച്ചുകൊടുക്കാനല്ലാതെ, കുതിരയെക്കൊണ്ടു നിർബന്ധിച്ചു വെള്ളം കുടിപ്പിക്കാൻ ആർക്കു സാധിക്കും?

(17 ഏപ്രിൽ, 1987)